# 2020 മാർച്ച് എസ്.എസ്.എൽ.സി പരീക്ഷാ രജിസ്ട്രേഷൻ

<u>പ്രഥമാദ്ധ്യാപകരുടെ സത്വര ശ്രദ്ധയ്ക്ക്</u>

2020 മാർച്ച് എസ്.എസ്.എൽ.സി പരീക്ഷയുമായി ബന്ധപ്പെട്ട് റെഗുലർ വിഭാഗത്തിൽ പരീക്ഷ എഴുതുന്ന SGC,RAC,CCC,ARC ഉൾപ്പടെ എല്ലാ വിദ്യാർത്ഥികളുടേയും രജിസ്ടേഷൻ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. 2019 മാർച്ച് എസ്.എസ്.എൽ.സി പരീക്ഷ റദ്ദ് ചെയ്ത ഏതെങ്കിലും വിദ്യാർത്ഥിയുടെ ( CCC ) രജിസ്ട്രേഷൻ നടത്താൻ വിട്ടുപോയിട്ടുണ്ടെങ്കിൽ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത വിദ്യാർത്ഥിയുടെ ജെൻഡർ, ക്ലാസ്സ് ഡിവിഷൻ എന്നിവ രേഖപ്പെടുത്തി പ്രഥമാദ്ധ്യാപകൻെറ അപേക്ഷ ഒപ്പിട്ട് സ്കൂൾ സീൽ പതിപ്പിച്ച് സ്കാൻ ചെയ്ത് സഹായക ഇ-മെയിലിലേക്ക് അയക്കണം. ഇ-മെയിലിൻെറ മറുപടിയ്ക്ക് അനുസരിച്ച് സ്കൂളിൽ നിന്നുതന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

പ്രൈവറ്റ് വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ HM ലോഗിനിൽ ചെയ്താൽ മതിയാകുന്നതാണ്. പ്രൈവറ്റ് രജിസ്ട്രേഷന് പ്രത്യേക കൺഫർമേഷനോ , ഇ-സബ്മിഷനോ ആവശ്യമില്ല. പ്രൈവറ്റ് വിദ്യാർത്ഥികളുടെ രജിസ്ടേഷന് ബുദ്ധിമുട്ട് അനുഭവപ്പെടുകയാണെങ്കിൽ മുൻ ചാൻസുകളുടെ മാർക്ക് ലിസ്റ്റിൻെറ കോപ്പികൾ ഉൾപ്പെടുത്തി പ്രഥമാദ്ധ്യാപകൻ സഹായക ഇ-മെയിലിലേയ്ക്ക് അപേക്ഷ അയയ്ക്കണം. ഇ-മെയിലിൻെറ മറുപടിയ്ക്ക് അനുസരിച്ച് സ്കൂളിൽ നിന്നുതന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

2020 ജനുവരി 13 ന് വൈകിട്ട് 5 മണിയ്ക്ക് മുൻപായി തന്നെ എല്ലാ റെഗുലർ , പ്രൈവറ്റ് വിദ്യാർത്ഥികളുടേയും രജിസ്ട്രേഷൻ പൂർത്തീകരിച്ച് കൺഫർമേഷനും ഇ-സബ്മിഷനും നിർവഹിക്കുവാൻ എല്ലാ പ്രഥമാദ്ധ്യാപകരും അതീവ ശ്രദ്ധ നൽകേണ്ടതാണ്.